DESPATCHED 21/12/21

23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2975(7)/2014/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 18367/SIC-G6/2014)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2021 നവംബർ 23**

ശ്രീ. സുബിൻ ജോസഫ്,
പള്ളിപറമ്പിൽ ഹൗസ്,
തായിക്കാട്ടുകര പി.ഒ.,
കമ്പനിപ്പടി, ആലുവ – 6
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് ഇൻസ്പെക്ടർ,
ആലുവ സി.ഐ. ഓഫീസ്,
ആലുവ, എറണാകുളം – 683 101.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
സബ് ഡിവിഷൻ പോലീസ് ഓഫീസ്,
ആലുവ, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24/06/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/08/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/09/2014 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/11/2014 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/11/2014 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/12/2014 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/12/2014 |
| ഹിയറിംഗ് നടന്ന തീയതി | 17/11/2021 –കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാൾ |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സുബിൻ ജോസഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ശരിയായ മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ രണ്ടാം അപ്പീൽ അപേക്ഷ പരിഗണിച്ച്

ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് ശരിയായ മറുപടി ലഭ്യമാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) 8.6.2014 തീയതി എതിർകക്ഷി ഓഫീസിൽ നൽകിയ പെറ്റീഷൻ നം. 79475/2014-ന്റെ പകർപ്പ്.
2) മേൽപ്പടി പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്.
3) മേൽപ്പടി പരാതിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ബ്രാഞ്ച് നടത്തിയ അന്വേഷണത്തിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് ഹർജിക്കാരൻ 7.8.2014 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് ഒഴികെ ബാക്കി എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ മേൽപ്പടി അപ്പീൽ അപേക്ഷ പരിഗണിച്ച് ഹർജിക്കാരന്റെ ചോദ്യങ്ങൾക്ക് ശരിയായ മറുപടി നൽകണമെന്നാണ്. ടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 5.9.2014-ന് മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 27.12.2014 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രീ. സുബിൻ ജോസഫ് 24.6.2014-ന് ആലുവ സി.ഐ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 2014 ജൂൺ മാസം 8-ാം തീയതി ആലുവ സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ടിട്ടുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയതിന് ഒന്നാമത്തെ ചോദ്യത്തിന് ഒഴിച്ചുള്ള ചോദ്യങ്ങൾക്ക് സി.ഐ. ആലുവ നൽകിയ മറുപടി തൃപ്തികരമല്ലെന്നാരോപിച്ചാണ് 7.8.2014 തീയതി രണ്ടാം എതിർകക്ഷി ഓഫീസിൽ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത അപ്പീലിന് വിശദമായി മറുപടി ലഭിക്കുന്നതിനുവേണ്ടി സി.ഐ. ആലുവയ്ക്ക് നൽകിയിട്ടുള്ളതും ആയതിന് സി.ഐ. ആലുവ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 2 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ മറുപടി ലഭിച്ചില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം

എന്ന് കാണുന്നു. 2–ാമത്തെ ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് 8.6.2014 തീയതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ്. ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടില്ലാത്തതിനാലാണ് റിപ്പോർട്ട് നൽകാൻ കഴിയാതിരുന്നത് എന്ന മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. 3–ാം ഇനത്തിൽ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയതായുള്ള വിവരം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്നാണ് അറിയിച്ചിട്ടുള്ളത് എന്നതിനാൽ അപാകത കാണുന്നില്ല. 4–ാം ഇനത്തിൽ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന വിവരമാണ് തേടിയത് ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. 5 & 6 എന്നീ ഇനത്തിൽ അപേക്ഷയിലെ ചോദ്യത്തിന് വ്യക്തതയില്ലാത്തതിനാലും ഡിപ്പാർട്ടുമെന്റ് തല അന്വേഷണവുമായി ബന്ധപ്പെട്ട യാതൊരു വിവരവും ഒന്നാം എതിർകക്ഷി ഓഫീസിൽ ഇല്ലാതിരുന്നതിനാലുമാണ് അപേക്ഷയിലെ 5, 6 എന്നീ ഇനങ്ങൾക്ക് ഈ ഓഫീസിൽ ലഭ്യമല്ല, ബാധകമല്ല എന്നിങ്ങനെയുള്ള മറുപടി നൽകിയിരുന്നത് എന്ന് കാണുന്നു. ആയതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ഉന്നയിക്കുന്ന തരത്തിലുള്ള അപാകത ഉള്ളതായി കാണുന്നില്ല എന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

6. ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര്, ഫോൺ നമ്പർ, തീയതി എന്നിവ ചേർക്കാതെയാണ് മറുപടി നൽകിയിട്ടുള്ളതെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമപ്രകാരം കുറ്റകരമാണെന്നതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെതന്നെ ഈ അപ്പീൽ ഹർജി 2014–ൽ കമ്മീഷനിൽ സ്വീകരിച്ചതായതിനാലും ഹിയറിംഗ് തീയതി ഒരാഴ്ച മുൻകൂറായി ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതിനാലും ഹിയറിംഗിന് മറ്റൊരു ദിവസത്തേക്ക് മാറ്റി വെയ്ക്കണമെന്ന ഹർജിക്കാരന്റെ 11.11.2021–ലെ കത്തിലെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും കമ്മീഷൻ തീരുമാനിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ 23 ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us